**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **09-12-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക ക്ഷേമനിധി ബോർഡ്, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന സംസ്ഥാനത്തെ കർഷകർക്കും തൊഴിലാളികൾക്കും എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്ന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.<br><br>1. ഇൻഷ്വറൻസ് പരിരക്ഷ<br><br>2. പെൻഷൻ ആനുകൂല്യങ്ങൾ (60 വയസ്സ് പൂർത്തീകരിക്കുന്ന കർഷകർക്ക്)<br><br>3. കുടുംബ പെൻഷൻ<br><br>4. അനാരോഗ്യ ആനുകൂല്യം<br><br>5. അവശതാ ആനുകൂല്യം<br><br>6. ചികിത്സാധന സഹായം<br><br>7. വിവാഹ ധനസഹായം<br><br>8. പ്രസവാനുകൂല്യം<br><br>9. വിദ്യാഭ്യാസ ധനസഹായം<br><br>10. ഒറ്റത്തവണ ആനുകൂല്യം<br><br>11. മരണാനന്തര ആനുകൂല്യം<br><br>തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികൾക്കായി ചുവടെ ചേർത്തിട്ടുള്ള ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>**1. അധിവർഷാനുകൂല്യം:** ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളി കുടിശ്ശികയില്ലാതെ 40 വർഷത്തിനു താഴെ, എന്നാൽ 3 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ 60വയസ്സ് പൂർത്തിയാകുമ്പോൾ അതിനാനുപാതികമായി |

| | | | |
|---|---|---|---|
| | | | (അടച്ച വർഷം X 625 രൂപ) പരമാവധി 25,000/- രൂപ അധിവർഷാനുകൂല്യമായി നൽകുന്നു<br><br>**2. വിവാഹധനസഹായം:** ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായ, 12മാസത്തെ അംശദായം അടച്ച സ്ത്രീ തൊഴിലാളികൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും 5,000/- രൂപ വിവാഹധനസഹായം നൽകുന്നു. അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക പാടില്ല. ഒരു കർഷക തൊഴിലാളി കുടുംബത്തിന് പരമാവധി 2 തവണ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.<br><br>**3. പ്രസവ ധനസഹായം:** ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായതും, 12 മാസത്തെ അംശദായം അടച്ചിട്ടുള്ളതുമായ സ്ത്രീ തൊഴിലാളികൾക്ക് 15,000/- രൂപ പ്രസവധനസഹായം നൽകുന്നു. അംഗത്തിന് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക പാടില്ല. ഒരു അംഗത്തിന് പരമാവധി 2 തവണ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.<br><br>**4. വിദ്യാഭ്യാസ സഹായം:** (SSLC – Professional PG): പരീക്ഷയിൽ ഉന്നത വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കളായ വിദ്യാർത്ഥികൾക്ക് 2,500/- -7,000/- രൂപ വരെ വിദ്യാഭ്യാസ ധനസഹായമായി നൽകുന്നു.<br><br>**5. ചികിത്സാ ധനസഹായം:** ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് അപകടം മൂലമോ, അസുഖം മൂലമോ സർക്കാർ/സഹകരണ ആശുപത്രികളിലോ, ബോർഡ് അംഗീകരിച്ചിട്ടുള്ള അർദ്ധസർക്കാർ/ സ്വകാര്യ ആശുപത്രികളിലോ ചികിത്സ നടത്തിയതിന്റേയോ മരുന്നുകൾ വാങ്ങിയതിന്റേയോ ചിലവിലേക്കായി ഓരോ 3 വർഷത്തിലൊരിക്കൽ പരമാവധി 4,000/- രൂപ വരെ സഹായം നൽകുന്നു.<br><br>**6. മരണാനന്തര സഹായം:** 60 വയസ്സ് പൂർത്തിയാകും മുമ്പ് കുറഞ്ഞത് 12 മാസത്തെ അംശദായം അടച്ചതിനുശേഷം ഒരംഗം മരണപ്പെടുകയാണെങ്കിൽ അംഗത്തിന്റെ നിയമപരമായ അവകാശിക്ക് 5,000/- രൂപ മരണാനന്തര സഹായം നൽകുന്നു. അംഗം മരണപ്പെടുന്ന സമയത്ത് 24 മാസത്തിൽ കൂടുതൽ അംശദായ കുടിശ്ശിക ഉണ്ടാകരുത്. കുടിശ്ശിക ഉണ്ടെങ്കിൽ അധിവർഷാനുകൂല്യം മാത്രമാണ് നൽകുക. |

സെക്ഷൻ ഓഫീസർ